# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 03.08.2025**

## പ്രധാനവാർത്തകൾ

1. തദ്ദേശസ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിനു മുന്നോടിയായി വോട്ടർപട്ടികയിൽ പേര് ചേർക്കാൻ ഈ മാസം 7 വരെ അവസരം. ബിഎൽഒ-മാരുടെ വേതനം വർധിപ്പിച്ച് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ.

2. കേരള ഫിലിം പോളിസി കോൺക്ലേവിന് ഇന്ന് തിരുവനന്തപുരത്ത് തിരശീല വീഴും. സമാപന സമ്മേളനത്തിൽ മന്ത്രി സജി ചെറിയാനും ചലച്ചിത്ര സംവിധായകൻ അടൂർ ഗോപാലകൃഷ്ണനും പങ്കെടുക്കും.

3. സാഹിത്യ നിരൂപകനും എഴുത്തുകാരനും ചിന്തകനുമായ പ്രൊഫ. എം കെ സാനുവിന്റെ സംസ്കാരം ഇന്ന്.

4. സംസ്ഥനത്ത് മഴ വീണ്ടും ശക്തി പ്രാപിക്കുന്നു. ആലപ്പുഴ മുതൽ ഇടുക്കി വരെ നാല് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.

5. ഇംഗ്ലണ്ടിനെതിരായ ഓവൽ ക്രിക്കറ്റ് ടെസ്റ്റിൽ ജയം നേടി പരമ്പര സമനിലയിലാക്കാൻ ലക്ഷ്യമിട്ട് ഇന്ത്യ.

*******************************************************************************

RNU TVPM

## കരട് വോട്ടർപട്ടിക

തദ്ദേശസ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പിനു മുന്നോടിയായി വോട്ടർപട്ടികയിൽ പേര് ചേർക്കാൻ ഈ മാസം 7 വരെ അവസരം. അന്തിമ വോട്ടർപട്ടിക അടുത്ത മാസം 30-ന് പ്രസിദ്ധീകരിക്കും. അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും കരട് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്.

*************************

## വേതനം വർധിപ്പിച്ചു

ബിഎൽഒമാരുടെ വാർഷിക വേതനം ഇരട്ടിയാക്കി. നിലവിലെ 6,000 രൂപയിൽ നിന്ന് 12,000 രൂപയായാണ് ഉയർത്തിയത്. വോട്ടർ പട്ടിക പരിഷ്കരണത്തിനു മാത്രമായി ബിഎൽഒമാർക്ക് അനുവദിക്കുന്ന ഇൻസെന്റീവും ഇരട്ടിയാക്കിയിട്ടുണ്ട്. 1,000 ൽ നിന്ന് 2,000 രൂപയാക്കി. ബിഎൽഒ സൂപ്പർവൈസർ മാർക്കുള്ള വേതനം നിലവിലെ 12,000 രൂപയിൽ നിന്ന് 18,000 രൂപയായി ഉയർത്തി. അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് 25,000 രൂപയും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് 30,000 രൂപയും വാർഷികവേതനം നിശ്ചയിച്ചു. നിലവിൽ ഇവർക്ക് വാർഷിക വേതനമില്ലായിരുന്നു.

RNU TVPM

*************************

## ഗവർണർ - മന്ത്രിമാർ കൂടിക്കാഴ്ച

മന്ത്രിമാരായ പി.രാജീവും ആർ.ബിന്ദുവും ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറുമായി കൂടിക്കാഴ്ച നടത്തി. രാജ്ഭവനിലായിരുന്നു കൂടിക്കാഴ്ച്ച. കൂടിക്കാഴ്ച്ചയുടെ വിശദാംശങ്ങൾ അറിവായിട്ടില്ല. സംസ്ഥാനത്തെ

സർവ്വകലാശാലകളിലെ വിസിമാരുടെ നിയമനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ചയായെന്നാണ് സൂചന. സുപ്രീം കോടതി വിധിയെത്തുടർന്ന് സാങ്കേതിക, ഡിജിറ്റൽ സർവ്വകലാശാലകളിൽ താത്കാലിക വിസിമാർക്ക് ചാൻസലർ കൂടിയ ഗവർണർ പുനർനിയമനം നൽകിയിരുന്നു.

*************************

## ഫിലിം കോൺക്ലേവ് (ഇൻട്രോ)

കേരള ഫിലിം പോളിസി കോൺക്ലേവിന് ഇന്ന് തിരുവനന്തപുരത്ത് തിരശീല വീഴും. കേരള നിയമസഭയിലെ ആർ ശങ്കരനാരായണൻ തമ്പി മെംബേർസ് ലോഞ്ചിൽ നടക്കുന്ന ചടങ്ങിൽ ചലച്ചിത്ര സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യും.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്....**

(വോയിസ്)

*************************

## പ്രൊഫ. എം കെ സാനു

സാഹിത്യ നിരൂപകനും എഴുത്തുകാരനും ചിന്തകനുമായ പ്രൊഫ. എം കെ സാനുവിന്റെ സംസ്കാരം ഇന്ന് നടക്കും. രാവിലെ വസതിയിലെത്തിച്ച ഭൗതിക ശരീരം പത്തുമണിയോടെ എറണാകുളം ടൗൺഹാളിൽ പൊതു ദർശനത്തിന് വച്ചു. മുഖ്യമന്ത്രിയും മന്ത്രിമാരുൾപ്പെടെ സമൂഹത്തിലെ നാനാതുറകളിൽപെട്ട നിരവധി പേരാണ് ടൗൺഹാളിൽ ആദരാഞ്ജലികൾ അർപ്പിക്കാൻ എത്തിയത്. വൈകിട്ട് എറണാകുളം രവിപുരം ശ്മശാനത്തിൽ പൂർണ

RNU TVPM

ഔദ്യോഗിക ബഹുമതികളോടെയാണ് സംസ്കാരം. ഇന്നലെ വൈകിട്ടാണ് എറണാകുളത്തെ സ്വകാര്യ ആശുപത്രിയിൽ അദ്ദേഹം അന്തരിച്ചത്.

*************************

## ജെയിനമ്മ - കേസ്

ഏറ്റുമാനൂർ സ്വദേശിനി ജെയിനമ്മയെ കൊലപ്പെടുത്തിയ കേസിലെ പ്രതി ചേർത്തല സ്വദേശി സെബാസ്റ്റ്യനുമായി അന്വേഷണ സംഘം തെളിവെടുപ്പ് തുടങ്ങി. സെബാസ്റ്റ്യന്റെ വീട്ടുവളപ്പിൽ നിന്ന് കത്തി കരിഞ്ഞ ജഡം കണ്ടെത്തിയിരുന്നു. ഇത് ആരുടേതാണെന്ന് തിരിച്ചറിഞ്ഞിട്ടില്ല. ശാസ്ത്രീയ പരിശോധന ഫലത്തിനായി കാത്തിരിക്കുകയാണ്. അതേസമയം സെബാസ്റ്റ്യൻ പണയം വെച്ച ജെയിനമ്മയുടെ സ്വർണ്ണാഭരണങ്ങൾ ഇന്നലെ ചേർത്തലയിലെ ഒരു ധനകാര്യ സ്ഥാപനത്തിൽ നിന്നും സഹകരണബാങ്കിൽ നിന്നും കണ്ടെത്തി. ജെയിനമ്മ കേസിന് പുറമേ ചേർത്തല സ്വദേശിനി ബിന്ദു പത്മനാഭൻ, ഐഷ, സിന്ധു തുടങ്ങിയവരുടെ തിരോധന കേസുകളുടെ അന്വേഷണവും പോലീസ് പുനഃരാരംഭിച്ചിരിക്കുകയാണ്.

RNU TVPM

*************************

## ആലപ്പുഴ പെരുമ്പളം

മികച്ച സൗകര്യങ്ങളോടെ നവീകരിച്ച ആലപ്പുഴ പെരുമ്പളം ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം നാളെ മന്ത്രി എം ബി രാജേഷ് നാടിന് സമർപ്പിക്കും. ദലീമ ജോജോ എംഎൽഎ അധ്യക്ഷയാകും. പെരുമ്പളം ദ്വീപിന്റെ ഭരണസിരാ കേന്ദ്രമായ പഞ്ചായത്ത് ഓഫീസ് പരിമിതമായ സൗകര്യങ്ങളിലാണ് ഇതുവരെ പ്രവർത്തിച്ചിരുന്നത്.

*************************

## പ്രധാൻ മന്ത്രി രാഷ്ട്രീയ ബാൽ പുരസ്കാർ

വിവിധ മേഖലകളിൽ മികച്ചപ്രകടനം കാഴ്ചവെക്കുന്ന കുട്ടികൾക്കായി കേന്ദ്ര വനിത ശിശു വികസന മന്ത്രാലയം ഏർപ്പെടുത്തിയ പ്രധാനമന്ത്രി രാഷ്ട്രീയ ബാൽ പുരസ്കാറിനു അപേക്ഷിക്കുന്നതിനുള്ള തീയ്യതി ഈ മാസം 15 വരെ നീട്ടി. വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച 18 വയസിൽ കവിയാത്ത കുട്ടികളെയുമാണ് അവാർഡിന് പരിഗണിക്കുന്നത്. അപേക്ഷകൾ awards.gov.in എന്ന വെബ്സൈറ്റിൽ സമർപ്പിക്കണം.

*************************

RNU TVPM

## ഓണം-കർഷക ചന്തകൾ

ഓണത്തിന് കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ കർഷക ചന്തകൾ സംഘടിപ്പിക്കുമെന്ന് മന്ത്രി പി. പ്രസാദ്. അടുത്ത മാസം ഒന്ന് മുതൽ നാല് വരെ നാല് ദിവസങ്ങളിലായി 2,000 കർഷക ചന്തകളാണ് സംഘടിപ്പിക്കുന്നത്. കഴിഞ്ഞ വർഷം 1,956 കർഷകചന്തകൾ വിജയകരമായി നടപ്പിലാക്കാൻ സാധിച്ചതായി മന്ത്രി പറഞ്ഞു. കർഷക ചന്തകൾ വഴി പൊതുജനങ്ങൾക്ക് ഗുണനിലവാരമുള്ള ഉത്പന്നങ്ങൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കും. കർഷകരുടെ ഉത്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുമെന്നും മന്ത്രി അറിയിച്ചു.

*************************

## ഓണം ഖാദി -സ്പെഷ്യൽ റിബേറ്റ്

ഓണം പ്രമാണിച്ച് ഖാദി വസ്ത്രങ്ങളുടെ ചില്ലറ വിൽപനയ്ക്ക് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സ്പെഷ്യൽ റിബേറ്റ് നൽകും.

അടുത്തമാസം 4 വരെ സിൽക്ക് തുണിത്തരങ്ങൾക്ക് 30 ശതമാനവും പോളി, വൂളൻ വസ്ത്രങ്ങൾക്ക് 20 ശതമാനവും സ്പെഷ്യൽ റിബേറ്റ് ലഭിക്കുമെന്ന് ബോർഡ് വൈസ് ചെയർമാൻ പി. ജയരാജൻ അറിയിച്ചു.

*************************

## കെ ഡിസ്ക് സ്ട്രൈഡ് ഉച്ചകോടി

സുസ്ഥിരവും എല്ലാവർക്കും പ്രാപ്യമായതുമായ നവീകരണങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ ഉച്ച കോടി നാളെ കൊച്ചിയിൽ നടക്കും. മന്ത്രിആർ. ബിന്ദു ഉച്ചകോടി ഉദ്ഘാടനം ചെയ്യും. മന്ത്രിമാരായ എം. ബി. രാജേഷ്, പി. രാജീവ് എന്നിവർ പങ്കെടുക്കും.

RNU TVPM

*************************

## മഴ

കേരളത്തിൽ മഴ ശക്തി പ്രാപിക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ആലപ്പുഴ മുതൽ ഇടുക്കി വരെ നാല് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. അഞ്ച് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കള്ളക്കടൽ പ്രതിഭാസത്തെ തുടർന്ന് തിരുവനന്തപുരം കാപ്പിൽ മുതൽ പൊഴിയൂർ വരെ ഇന്ന് വൈകുന്നേരം മുതൽ നാളെ രാത്രി വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ട്. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിയ്ക്കണമെന്ന് മുന്നറിയിപ്പ്.

*************************

## ആരിഫ് മുഹമ്മദ് ഖാൻ - രാജ്ഭവൻ

മുൻ കേരള ഗവർണറും നിലവിലെ ബീഹാർ ഗവർണറുമായ ആരിഫ് മുഹമ്മദ് ഖാന്റെ കേരളം സന്ദർശനം തുടരുന്നു. ഇന്നലെ രാജ്ഭവനിലാണ് അദ്ദേഹം താമസിച്ചത്. ഇന്ന് കവടിയാർ കൊട്ടാരം സന്ദർശിച്ച ശേഷം തൈക്കാട് ഗാന്ധിഭവൻ സംഘടിപ്പിക്കുന്ന പരിപാടിയിലും അദ്ദേഹം പങ്കെടുക്കും. നാളെ രാവിലെ മടങ്ങും.

*************************

## ഡോ. എ.കെ. രൈരു ഗോപാൽ (ഇൻട്രോ)

അന്തരിച്ച കണ്ണൂരിലെ ഡോക്ടർ എ കെ രൈരു ഗോപാലന്റെ ഭൗതിക ദേഹം അല്പസമയത്തിനകം കണ്ണൂർ പയ്യാമ്പലത്ത് സംസ്കരിക്കും. ഡോക്ടറെ അവസാനമായി കാണാൻ വൻ ജനാവലിയാണ് കണ്ണൂർ താണയിലെ അദ്ദേഹത്തിന്റെ വീട്ടിൽ എത്തിയത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ ശശിധരൻ..**

(വോയിസ്)

*************************

## വി ബി അജയകുമാർ

മനുഷ്യാവകാശ, പരിസ്ഥിതി പ്രവർത്തകനും ചിന്തകനുമായ വി ബി അജയകുമാർ അന്തരിച്ചു. 48 വയസായിരുന്നു. ദളിത്, ആദിവാസി, പാർശ്വവൽകൃത സമൂഹങ്ങളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന റൈറ്റ്സ് എന്ന എൻ ജി ഒയുടെ സ്ഥാപകനാണ്. അലയൻസ് ഫോർ ക്ലൈമറ്റ് ഫ്രണ്ട്ലി കമ്യൂണിറ്റീസ് എന്ന എൻ ജി ഒയുടെ ഗ്ലോബൽ കൺവീനർ ആയി പ്രവർത്തിക്കുകയായിരുന്നു. ഇന്ന് പുലർച്ചെ

RNU TVPM

തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. ഇന്ന് ഉച്ചയ്ക്ക് ഒന്ന് മുതൽ 4 വരെ കൊടുങ്ങല്ലൂരിലെ വസതിയിൽ പൊതുദർശനം. സംസ്കാരം വൈകിട്ട് അഞ്ചിന് കൊടുങ്ങല്ലൂർ ചപ്പാറ ശ്മശാനത്തിൽ.

**************************

## ക്രിക്കറ്റ്

ഓവൽ ക്രിക്കറ്റ് ടെസ്റ്റ് ആവേശകരമായ അന്ത്യത്തിലേക്ക്. ഇന്ത്യ മുന്നോട്ടുവച്ച 374 റൺസ് വിജയലക്ഷ്യം പിന്തുടരുന്ന ഇംഗ്ലണ്ട് ഇന്നലെ ഒരു വിക്കറ്റ് നഷ്ടത്തിൽ 50 റൺസ് നേടി. രണ്ട് ദിനവും ഒമ്പത് വിക്കറ്റും ശേഷിക്കെ 324 റൺസാണ് ഇംഗ്ലണ്ടിന് ജയിക്കാൻ വേണ്ടത്. ഉച്ചകഴിഞ്ഞ് 3:30 നാണു മത്സരം. പരമ്പരയിൽ ഇംഗ്ലണ്ട് 2-1 ന് മുന്നിലാണ്.

RNU TVPM

**************************

## ഏഷ്യാ കപ്പ് - വേദി

അടുത്ത മാസം ആരംഭിക്കുന്ന പുരുഷ ട്വന്റി-ട്വന്റി ഏഷ്യാ കപ്പ് ക്രിക്കറ്റ് ദുബായിലും, അബുദാബിയിലുമായി നടക്കും. ഏഷ്യൻ ക്രിക്കറ്റ് കൗൺസിലാണ് വേദി പ്രഖ്യാപിച്ചത്. സെപ്റ്റംബർ 9 മുതൽ 28 വരെയാണ് ടൂർണമെന്റ് നടക്കുക. ഫൈനൽ ഉൾപ്പെടെ 11 മത്സരങ്ങൾക്ക് ദുബായ് ആതിഥേയത്വം വഹിക്കും. അബുദാബി എട്ട് മത്സരങ്ങൾക്ക് ആതിഥേയത്വം വഹിക്കും. ടൂർണമെന്റിൽ എട്ട് ടീമുകലാണുള്ളത്. ഇന്ത്യ, പാകിസ്ഥാൻ, യുഎഇ, ഒമാൻ എന്നീ രാജ്യങ്ങൾ ഗ്രൂപ്പ് എയിലും, ബംഗ്ലാദേശ്, ശ്രീലങ്ക, അഫ്ഗാനിസ്ഥാൻ, ഹോങ്കോംഗ് എന്നിവ ഗ്രൂപ്പ് ബിയിലുമാണ്.

**************************

## കേരള സ്റ്റേറ്റ് പവർ ലിഫ്റ്റിംഗ്

കേരള സ്റ്റേറ്റ് പവർ ലിഫ്റ്റിംഗ് അസോസിയേഷനും കോഴിക്കോട് ജില്ലാ പവർ ലിഫ്റ്റിംഗ് അസോസിയേഷനും സംയുക്തമായി സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും സഹകരണത്തോടെ നടത്തുന്ന ദേശീയ പവർ ലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പ് വി കെ കൃഷ്ണ മേനോൻ ഇൻഡോർ സ്റ്റേഡിയത്തിൽ ആരംഭിച്ചു. സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് യു ഷറഫലി ഉദ്ഘാടനം നിർവഹിച്ചു. 24 സംസ്ഥാനങ്ങളിൽ നിന്നുമായി 360 പുരുഷന്മാരും 180 വനിതകളും 60 ഒഫിഷ്യൽസും മത്സരങ്ങൾക്കായി എത്തിച്ചേർന്നു. 7-ാം തീയതിവരെ മത്സരങ്ങൾ നടക്കും.

*

*************

*************************************

RNU TVPM